സൂറ–19

# മർയം

12. അല്ലയോ യഹ്‌യാ, വേദഗ്രന്ഥം മുറുകെപ്പിടിച്ചുകൊള്ളുക. നാം അദ്ദേഹത്തിനു ബാല്യത്തിൽതന്നെ ജ്ഞാനമരുളിയിട്ടുണ്ടായിരുന്നു.

يَٰيَحۡيَىٰ خُذِ ٱلۡكِتَٰبَ بِقُوَّةٖۖ وَءَاتَيۡنَٰهُ ٱلۡحُكۡمَ صَبِيّٗا ١٢

13. നമ്മുടെ പക്കൽനിന്നുള്ള സവിശേഷമായ ദയാവായ്പും വിശുദ്ധിയും പ്രദാനം ചെയ്തു. അദ്ദേഹം വളരെ ദൈവഭക്തിയുള്ളവനുമായിരുന്നു.

وَحَنَانٗا مِّن لَّدُنَّا وَزَكَوٰةٗۖ وَكَانَ تَقِيّٗا ١٣

14. തന്റെ മാതാപിതാക്കളെ നന്നായി ശുശ്രൂഷിക്കുന്നവനുമായിരുന്നു. ധിക്കാരിയായ തന്നിഷ്ടക്കാരനായിരുന്നില്ല.

وَبَرَّۢا بِوَٰلِدَيۡهِ وَلَمۡ يَكُن جَبَّارًا عَصِيّٗا ١٤

15. അദ്ദേഹത്തിന്റെ ജനന നാളിലും മരണനാളിലും ജീവനോടെ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന നാളിലും അദ്ദേഹത്തിനു സമാധാനം.

وَسَلَٰمٌ عَلَيۡهِ يَوۡمَ وُلِدَ وَيَوۡمَ يَمُوتُ وَيَوۡمَ يُبۡعَثُ حَيّٗا ١٥

يَٰيَحۡيَىٰ = അല്ലയോ യഹ്‌യാ, خُذِ ٱلۡكِتَٰبَ = വേദഗ്രന്ഥം പിടിക്കുക, بِقُوَّةٖۖ = ശക്തിയോടെ, (മുറുകെ)

وَءَاتَيۡنَٰهُ = നാം അദ്ദേഹത്തിനു അരുളിയിരുന്നു, ٱلۡحُكۡمَ = വിധി, ജ്ഞാനം (പ്രവാചകത്വം)

صَبِيّٗا = കുട്ടിയായിരിക്കെ (ബാല്യത്തിൽതന്നെ), وَحَنَانٗا = വാത്സല്യവും, ദയാവായ്പും (പ്രദാനം ചെയ്തു)

مِّن لَّدُنَّا = നമ്മുടെ പക്കൽനിന്നുള്ള (സവിശേഷമായ), وَزَكَوٰةٗۖ = വിശുദ്ധിയും (പ്രദാനം ചെയ്തു)

وَكَانَ = അദ്ദേഹം ആയിരുന്നു, تَقِيّٗا = വളരെ ദൈവഭക്തനും

وَبَرَّۢا = നന്മ ചെയ്യുന്നവൻ (നന്നായി ശുശ്രൂഷിക്കുന്നവനുമായിരുന്നു), بِوَٰلِدَيۡهِ = തന്റെ മാതാപിതാക്കളെ

وَلَمۡ يَكُن = അദ്ദേഹം ആയിരുന്നില്ല, جَبَّارًا = സ്വേഛാപ്രമത്തൻ (തന്നിഷ്ടക്കാരൻ), عَصِيّٗا = ധിക്കാരിയായ

وَسَلَٰمٌ عَلَيۡهِ = അദ്ദേഹത്തിന്റെ മേൽ സമാധാനം, يَوۡمَ وُلِدَ = അദ്ദേഹം പ്രസവിക്കപ്പെട്ട (ജനന) നാളിൽ

وَيَوۡمَ يَمُوتُ = മരിക്കുന്ന നാളിലും, وَيَوۡمَ يُبۡعَثُ = അദ്ദേഹം ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന നാളിലും

حَيّٗا = ജീവ(നോടെ)നുള്ളവനായി

**12–14.** സക്കരിയ്യാക്കു ലഭിച്ച സുവിശേഷമനുസരിച്ച് അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയാവുകയും യഥാസമയം യഹ്‌യായെ പ്രസവിക്കുകയും അദ്ദേഹം ശൈശവം പിന്നിടുകയും ചെയ്ത കഥകൾ വിട്ടുകളഞ്ഞ് ബാല്യകാലത്തുണ്ടായ സംഭവമാണ് ഇവിടെ പരാമർശിക്കുന്നത്. 'അല്ലയോ യഹ്‌യാ' എന്നുവിളിക്കുന്നത് അല്ലാഹു നേരിട്ടാവാം, അല്ലാഹു നിയോഗിച്ച മലക്കുമാവാം. الكتاب -വേദഗ്രന്ഥം കൊണ്ടുദ്ദേശ്യം തൗറാത്താണ്. യഹ്‌യാ നബിക്ക്

പ്രത്യേക വേദഗ്രന്ഥം അവതരിപ്പിച്ചിരുന്നില്ല. വേദഗ്രന്ഥം മുറുകെപിടിക്കുക خذ الكتاب بقوة . എന്നുപറഞ്ഞതിന്റെ താൽപര്യം തൗറാത്തിലെ തത്വങ്ങളിൽ വിശ്വസിക്കുകയും വിധിവിലക്കുകൾ കണിശമായി പാലിക്കുകയും ജനങ്ങളിൽ അത് പ്രബോധനം ചെയ്യുകയുമാകുന്നു. حكم ഭാഷാർഥത്തിൽ വിധിയും വിധികർതൃത്വവും കാര്യത്തിന്റെ ഉൾപൊരുളറിയാനുള്ള കഴിവുമൊക്കെയാണ്. ഇതിന്റെ മറ്റൊരു രൂപമായ حكمة ന്റെ അർഥം *ഖുർആൻ ബോധനം* സൂറഃ അൽബഖറ 269-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിട്ടുണ്ട്. യഹ്‌യാ നബി(അ) കുട്ടിക്കാലത്തേ നല്ല വിധാനായിരുന്നു. കാര്യങ്ങളുടെ യാഥാർഥ്യങ്ങൾ ഗ്രഹിക്കാനും വിധിപറയാനും സമർഥനായിരുന്നു. തൗറാത്തിലെ തത്ത്വങ്ങളും നിയമങ്ങളും മനസ്സിലാക്കാനും ആളുകൾക്ക് വിശദീകരിച്ചുകൊടുക്കാനും അസാമാന്യമായ പാടവമുണ്ടായിരുന്നു. وآتيناه الحكم - അദ്ദേഹത്തിനു നാം ജ്ഞാനമരുളി-എന്ന വാക്യത്തെ പല പണ്ഡിതന്മാരും പ്രവാചകത്വം നൽകി എന്ന അർഥത്തിലാണ് എടുത്തിട്ടുള്ളത്. പൊതുവിൽ നബിമാർക്ക് പ്രവാചകത്വം ലഭിക്കാറുള്ളത് 40 വയസ്സു തികയുമ്പോഴാണ്. യഹ്‌യാ നബിക്ക് ബാല്യകാലത്തുതന്നെ പ്രവാചകത്വം ലഭിച്ചു എന്നാണിവിടെ പറയുന്നതെന്ന് അവർ അഭിപ്രായപ്പെടുന്നു. പ്രവാചകത്വലബ്ധി അത്യുന്നതമായ ജ്ഞാനലബ്ധി തന്നെയാകയാൽ ഈ അർഥകൽപ്പനയും ഉചിതമാകുന്നു.

حنان ന്റെ ആശയം നേരത്തെ 'യഹ്‌യാ' എന്ന പേരുമായി ബന്ധപ്പെട്ട ചർച്ചയിൽ വ്യക്തമാക്കിയിട്ടുണ്ട്. നമ്മുടെ പക്കൽനിന്നുള്ള ദയാവായ്പ് حنانا من لدنا എന്ന വാക്ക് അല്ലാഹു അദ്ദേഹത്തിൽ, മനുഷ്യർക്കുണ്ടാകുന്ന സാമാന്യമായ ദയാവായ്പ്പിനപ്പുറം ജനങ്ങളോട് അസാമാന്യമായ ദയാവായ്പും സ്നേഹകാരുണ്യങ്ങളും നിക്ഷേപിച്ചു എന്നു സൂചിപ്പിക്കുന്നു. അല്ലാഹു അദ്ദേഹത്തോട് സവിശേഷമായ ദയാവായ്പും കാരുണ്യവും കാണിച്ചു എന്ന അർഥവുമുണ്ട്. ഇപ്പറഞ്ഞ حنان എന്ന ഗുണത്തിൽ നിന്നാണ് അദ്ദേഹത്തിന്റെ യോഹന്നാൻ എന്ന അപരാഭിധാനമുണ്ടായത്. ആത്മീയ സംസ്കാരവും ജീവിത വിശുദ്ധിയുമാണ് ഇവിടെ زكوة കൊണ്ടു വിവക്ഷ. ക്ഷുദ്രമായ കാമമോഹാദികളൊന്നും അദ്ദേഹത്തെ തീണ്ടിയിരുന്നില്ല. ഭൗതിക സുഖഭോഗങ്ങളിലും സ്ഥാനമാനങ്ങളിലും സമ്പത്തിലുമെല്ലാം തികച്ചും വിരക്തനായിരുന്നു. اِتّقى എന്ന ക്രിയയിൽനിന്ന് ഫഈൽ (وزن فعيل) മൂശയിൽ രൂപപ്പെടുത്തിയ കർതൃപദമാണ് تقيّ . മുത്തഖി തന്നെയാണ് തഖിയ്യ്. അല്ലാഹുവിനോട് ഭയഭക്തിയുള്ളവനും ധർമശാസനകൾ കണിശമായി പാലിക്കുന്നവനുമാണ് متقى .

بِر ൽ നിന്നുള്ള വിശേഷണപദമാണ് بَرّ. ധർമവും പുണ്യവും സൽക്കാര്യവും ഉദാരതയുമാണ് برّ . വളരെ ധർമനിഷ്ഠനും സൽഗുണസമ്പന്നനും നന്മകളിൽ ഏറെ തൽപരനും ഉദാരനുമാണ് بَرّ . യഥാർഥത്തിൽ വലിയ بر അല്ലാഹുവാകുന്നു. انه هو البر الرحيم (അവൻ അത്യുദാരനും കരുണാമയനും തന്നെയാകുന്നു-52:28). മാതാപിതാക്കളെ നന്നായി പരിചരിക്കലും അവരോടുള്ള കടമകൾ പൂർത്തീകരിക്കലുമാണ് برّ الوالدين . جبّار . രണ്ട് അർഥങ്ങളിലുപയോഗിക്കുന്ന പദമാണ് جبّار. എല്ലാവിധ അധികാരങ്ങൾക്കും കഴിവുകൾക്കും ഉടമയായവനും തന്റെ മാത്രം ഇഛാനുസാരം ശക്തിയുപയോഗിച്ച് സർവത്തെയും ഭരിക്കുന്നവനും എന്നാണ് ഒരർഥം. ഈ അർഥപ്രകാരം അല്ലാഹു മാത്രമാകുന്നു جبّار . അവന്റെ വിശിഷ്ടനാമങ്ങളിലൊന്നായി അത് എണ്ണപ്പെട്ടിരിക്കുന്നു. നിഷ്ഠുരനായ സ്വേഛാപ്രമത്തൻ, ആരെയും കൂസാതെ തന്നിഷ്ടം നടത്തുന്നവൻ എന്നാണ് മറ്റൊരർഥം. ഇതാണ് ഈ സന്ദർഭത്തിൽ ഉദ്ദേശിച്ചിട്ടുള്ളത്. عاصى യുടെ فعيل രൂപമാണ് عصِى . നിയമങ്ങളും ധർമങ്ങളും ധിക്കരിക്കുന്നവനാണ് عاصى . ആർക്കും ഒന്നിനും വഴങ്ങാത്ത മഹാധിക്കാരിയാണ് عصِى .

യഹ്‌യാ നബിയുടെ ഏഴു ഗുണങ്ങൾ എടുത്തോതിയിരിക്കുകയാണ് ഈ സൂക്തങ്ങൾ. 1) അദ്ദേഹം വേദം മുറുകെ പിടിക്കാൻ കൽപ്പിക്കപ്പെട്ടു. അഥവാ വേദപ്രമാണങ്ങൾ കണിശമായി പാലിക്കുകയും പ്രചരിപ്പിക്കുകയും ചെയ്തിരുന്നു. ആ ദൗത്യത്തിൽ നേരിടേണ്ടിവന്ന ക്ലേശങ്ങൾ ക്ഷമാപൂർവം തരണം ചെയ്തു. 2) ബാല്യകാലത്തുതന്നെ അല്ലാഹുവിങ്കൽനിന്നുള്ള ജ്ഞാനത്താൽ-പ്രവാചകത്വത്താൽ-അനുഗ്രഹീതനായി. അദ്ദേഹത്തിന് പുറമെ ഈസാ (അ) മാത്രമേ ബാല്യത്തിൽ പ്രവാചകത്വം കൊണ്ടനുഗൃഹീതനായിട്ടുള്ളൂ. 3) അല്ലാഹുവിന് അദ്ദേഹത്തോടും അദ്ദേഹത്തിന് ജനങ്ങളോടും അദമ്യമായ വാത്സല്യവും ദയാവായ്പുമുണ്ടായിരുന്നു. 4) അദ്ദേഹത്തിന്റെ ജീവിതം തികച്ചും പരിശുദ്ധവും സാത്വികവുമായിരുന്നു. ഭൗതികമായ സുഖഭോഗങ്ങളിലോ സമ്പത്തിലോ സ്ഥാനമാനങ്ങളിലോ ഒട്ടും ആർത്തിയുണ്ടായിരുന്നില്ല. ഉയർന്ന ചിന്തയും എളിയ ജീവിതവുമായിരുന്നു അദ്ദേഹത്തിന്റേത്. 5) അദ്ദേഹം അതീവ ദൈവഭക്തനായിരുന്നു. അല്ലാഹുവിന്റെ വിധിവിലക്കുകൾ അനുസരിക്കുന്നതിൽ നിതാന്ത ജാഗ്രത പാലിച്ചിരുന്നു. സത്യാസത്യങ്ങളും ധർമാധർമങ്ങളും സൂക്ഷ്മമായി വേർതിരിച്ചറിയുകയും ആചരിക്കുകയും ചെയ്തു. എല്ലാവിധ പാപങ്ങളിൽനിന്നും പൂർണമായി അകന്നുനിന്നു. അന്ത്യനാളിൽ അദ്ദേഹത്തിന്റെ കർമപുസ്തകത്തിൽ ഒരു കുറ്റവും രേഖപ്പെടുത്തിയിട്ടുണ്ടാവില്ലെന്ന് ചില നിവേദനങ്ങളിൽ പറയുന്നുണ്ട്. 6) മാതാപിതാക്കളോടു പുലർത്തിയ അതുല്യമായ ദയാവായ്പും സ്നേഹാദരവും. അദ്ദേഹം അവരെ സ്നേഹമസൃണമായി പരിചരിക്കുകയും പുത്രന്റെ കടമകൾ ഏറ്റം ഭംഗിയായും പൂർണമായും നിർവഹിക്കുകയും ചെയ്തു. 7) വിനയവും അനുസരണവും. ആരെയും കൂസാതെ ദൈവികശാസനകൾ ധിക്കരിച്ചുകൊണ്ട് നിഷ്ഠൂര കൃത്യങ്ങൾ ചെയ്യുന്ന താന്തോന്നിയായിരുന്നില്ല. അല്ലാഹുവിനെ വണങ്ങിയും ധർമശാസനകൾ പാലിച്ചും ജനങ്ങളെ മാനിച്ചും മാതാപിതാക്കളെ അനുസരിച്ചും വാഴുന്ന വിനീതനും വിവേകിയുമായിരുന്നു യഹ്‌യാ (അ).

**15.** മുകളിൽ പറഞ്ഞ സ്വഭാവഗുണങ്ങളുടെ ഫലമായി യഹ്‌യാ(അ)ക്കു ലഭിച്ച സൗഭാഗ്യമാണ് ഈ സൂക്തം ചൂണ്ടിക്കാട്ടുന്നത്. ജനനം മുതൽ മരണം വരെയും മരണാനന്തരവും നീണ്ടുനിൽക്കുന്ന സമാധാനം. ഭയാശങ്കകളിൽനിന്നും ഉൽകണ്ഠകളിൽനിന്നും നൈരാശ്യത്തിൽനിന്നും കാമമോഹാദികളിൽനിന്നും മുക്തമായ അവസ്ഥയാണ് സലാം-സമാധാനം. മനുഷ്യന് നേടാവുന്നതിൽ ഏറ്റം മഹത്തായ സൗഭാഗ്യമാണത്. ഇതുതന്നെയാണ് യഥാർഥ ആനന്ദം. ജനനകാലത്തും മരണകാലത്തും ഉയിർത്തെഴുന്നേൽപ്പു കാലത്തും അല്ലാഹു അദ്ദേഹത്തെ നിർഭയനും സമാധാനചിത്തനുമാക്കി എന്നാണ് ഇവിടെ പറയുന്നത്. മാതാപിതാക്കളുടെ ഏകപുത്രനായി ജനിച്ച അദ്ദേഹം അവരുടെ കൺമണിയും

വാത്സല്യനിധിയുമായിരുന്നു. മാതാപിതാക്കളോടുള്ള അദ്ദേഹത്തിന്റെ കനിവും കാരുണ്യവും അവരുടെ സ്നേഹത്തെയും ലാളനയെയും കൂടുതൽ വളർത്തി. അങ്ങനെ അദ്ദേഹത്തിന്റെ ശൈശവ-ബാല്യ-യൗവനങ്ങൾ ഏറ്റം സന്തുഷ്ടമായി. രക്തസാക്ഷിയായിട്ടായിരുന്നു യഹ്‌യാ(അ)യുടെ മരണം. നിഷ്കളങ്കനായ ദൈവഭക്തനെ സംബന്ധിച്ചേടത്തോളം ദൈവികമാർഗത്തിൽ കൊല്ലപ്പെടുന്നത് മഹാഭാഗ്യമാണ്. ഏറ്റം സന്തോഷകരമായ മരണമാണത്. അവരുടെ ദൃഷ്ടിയിൽ നിലവിലുള്ള ഭൗതിക ജീവിതത്തെക്കാൾ എത്രയോ മഹനീയവും സൗഭാഗ്യകരവുമാണ് അവർ മുന്നിൽകാണുന്ന പാരത്രിക ജീവിതം. നിത്യാനന്ദത്തിലേക്കുള്ള വിശാലമായ കവാടമാണ് രക്തസാക്ഷിത്വം. ഉയിർത്തെഴുന്നേൽപ്പു നാളിൽ സൃഷ്ടികൾ പൊതുവിൽ അത്യുൽകണ്ഠയിലും മഹാവിഭ്രാന്തിയിലുമായിരിക്കും. നിഷ്കളങ്കരായ ദൈവഭക്തന്മാർക്കേ അതിൽനിന്ന് രക്ഷപ്പെടാനും സമാധാനചിത്തരായി ആത്മവിശ്വാസത്തോടെ വിചാരണയെ നേരിടാനും കഴിയൂ. അത്തരക്കാരിൽ ഒരാളാണ് യഹ്‌യാ (അ).

ചില പണ്ഡിതന്മാർ പറയുന്നു: ജന്മനാളിൽ ചെകുത്താന്റെ ഇടപെടലിൽനിന്ന് അല്ലാഹു അദ്ദേഹത്തിന് അഭയം നൽകി. മരണനാളിൽ ഖബ്ർ ശിക്ഷയിൽനിന്നും ഉയിർത്തെഴുന്നേൽപ്പുനാളിൽ അതിന്റെ വിഹ്വലതകളിൽനിന്നും ശിക്ഷയിൽനിന്നും അഭയം നൽകി. സുഫ്‌യാൻ ബിൻ ഉയൈന പറയുന്നു: മനുഷ്യൻ ഏറ്റം അരക്ഷിതത്വമനുഭവിക്കുന്നത് മൂന്നു സന്ദർഭങ്ങളിലാണ്. ജനന ദിവസം, താൻ വസിച്ചിരുന്ന സുരക്ഷിത സ്ഥാനത്തുനിന്ന് പുറംതള്ളപ്പെട്ടതായി കാണുമ്പോൾ. മരണനാളിൽ, താൻ അതുവരെ നേരിൽകണ്ടിട്ടില്ലാത്ത ചില ജനങ്ങളെ കാണുമ്പോൾ. ഉയിർത്തെഴുന്നേൽപ്പുനാളിൽ, താൻ അതിഗംഭീരമായ ഒരു മഹാസഭയിൽ ഹാജരാക്കപ്പെട്ടതായി കാണുമ്പോൾ. ഈ മൂന്നവസരങ്ങളിലും യഹ്‌യാ ബിൻ സക്കരിയ്യയെ ആദരിച്ച അല്ലാഹു അദ്ദേഹത്തിനു പ്രത്യേകമായി സമാധാനം ചൊരിഞ്ഞു കൊടുത്തു.

യഹ്‌യാ(അ)യെ വിശുദ്ധ ഖുർആൻ അഞ്ചിടത്ത് പരാമർശിക്കുന്നുണ്ട്. *ആലുഇംറാൻ* 39, *അൽഅൻആം* 85, *മർയം* 7, 12, *അമ്പിയാഅ്* 90 സൂക്തങ്ങളിലാണത്. ചെറുപ്പം മുതലേ നിഷ്കളങ്കനായ ഭക്തനായിരുന്നു അദ്ദേഹം. മൂസവീ ശരീഅത്തിൽ അഗാധമായ നൈപുണ്യം നേടി. അതിലെ വിധികൾ നിർണയിക്കുന്നതിൽ ആധികാരികനായിരുന്നു. ബാല്യകാലത്തേ പ്രവാചകത്വം ലഭിച്ചു. പാപത്തിൽ പശ്ചാത്തപിച്ച് അല്ലാഹുവിങ്കലേക്ക് മടങ്ങാൻ അദ്ദേഹം ജനങ്ങളെ നിരന്തരം ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. പാപങ്ങളിൽനിന്നു പിന്തിരിയുന്നവരെ പശ്ചാത്താപത്തിന്റെ ഭാഗമായി ജോർദാൻ നദിയിൽ കുളിപ്പിക്കുന്ന ഒരു സമ്പ്രദായം അദ്ദേഹത്തിനുണ്ടായിരുന്നു. അതിന്റെ പേരിലാണ് സ്നാപകൻ എന്ന വിശേഷണം ലഭിച്ചത്. ഈ സമ്പ്രദായം മാമോദീസമുക്കൽ എന്ന പേരിൽ ക്രൈസ്തവ മതത്തിൽ ഇന്നും തുടർന്നുവരുന്നുണ്ട്. ഒരാൾ ക്രിസ്തുമതത്തിൽ ചേരുന്നതിന്റെ ചിഹ്നമാണത്. ജ്ഞാനസ്നാനം (മാമോദീസ) ചെയ്യാത്തവർ ക്രിസ്തുമതക്കാരായി അംഗീകരിക്കപ്പെടുകയില്ല.

യഹ്‌യാ പ്രവാചകനെ സംബന്ധിച്ച കുറെ വിവരങ്ങൾ ബൈബിളിൽ പലയിടത്തായി വന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ പേരിൽതന്നെയുണ്ട് ഒരു സുവിശേഷം. തനിക്കുശേഷം വരാനിരിക്കുന്ന ഈസാ നബിയുടെ ആഗമനം മുന്നറിയിപ്പു നൽകുകയാണ് തന്റെ മുഖ്യദൗത്യമെന്ന് അതിലദ്ദേഹം പറയുന്നു. ലൂക്കോസിന്റെ സുവിശേഷമനുസരിച്ച് ഏതാണ്ട് 30-ാം വയസ്സിലാണ് യഹ്‌യാക്ക് പ്രവാചകത്വം ലഭിച്ചത്. യഹൂദിയയിലും യരൂശലമിലും ജോർദാനിലും അദ്ദേഹത്തിനു ധാരാളം ശിഷ്യന്മാരുണ്ടായി. ഇസ്രാഈല്യർ പൊതുവിൽ അദ്ദേഹത്തിന്റെ പ്രവാചകത്വം അംഗീകരിച്ചിരുന്നു.

വളരെ ലളിതമായ ജീവിതമാണ് യഹ്‌യാ(അ) നയിച്ചിരുന്നത്. ധരിച്ചിരുന്നത് ഒട്ടകരോമം കൊണ്ടുള്ള പരുക്കൻ വസ്ത്രമാണ്. തുകൽ കൊണ്ടുള്ള ഒരരപ്പട്ട കൊണ്ടാണത് ബന്ധിച്ചിരുന്നത്. വെട്ടുകിളികളും കാട്ടുതേനുമായിരുന്നു മുഖ്യഭക്ഷണം. യഹൂദിയായിലും യരൂശലമിലും ജോർദാനിലും സഞ്ചരിച്ച് പ്രസംഗിച്ചുകൊണ്ടിരിക്കുകയായിരുന്നു അദ്ദേഹം. ജനങ്ങളെ നോമ്പും നമസ്കാരവും പഠിപ്പിച്ചു. ദാനധർമങ്ങൾ പ്രോത്സാഹിപ്പിച്ചു. അക്രമവും അനീതിയും നിരോധിച്ചു. അഴിമതിക്കാരെയും അക്രമികളെയും മുഖം നോക്കാതെ ഭർത്സിച്ചു. അത് പുരോഹിതവർഗത്തെയും അധികാരിവർഗത്തെയും അദ്ദേഹത്തിന്റെ ശത്രുക്കളാക്കി.

യഹ്‌യായുടെ കാലത്ത് ഹെരോദേസ് ഇണ്ടിപ്പസായിരുന്നു യഹൂദിയയിലെ രാജാവ്. മൂസവി ശരീഅത്തിൽനിന്നകന്ന ഇദ്ദേഹം റോമൻ സംസ്കാരത്താൽ നന്നായി സ്വാധീനിക്കപ്പെട്ടിരുന്നു. അത് നാട്ടിൽ അധർമവും അനാചാരവും അക്രമവും തഴച്ചുവളരാൻ കാരണമായി. സമൂഹത്തിൽ നടമാടുന്ന അക്രമങ്ങളെയും അനീതികളെയും രാജാവിന്റെ തെറ്റായ നിലപാടുകളെയും നിശിതമായി വിമർശിക്കുന്ന യഹ്‌യാ(അ)യുടെ പ്രഭാഷണങ്ങൾ രാജാവിന്റെ അപ്രീതി ക്ഷണിച്ചുവരുത്തുകയും അദ്ദേഹം കാരാഗൃഹത്തിലടക്കപ്പെടുകയും ചെയ്തു. തന്റെ സഹോദരൻ ഫിലിപ്പോസിന്റെ ഭാര്യ ഹെരോദിയായെ ഹെരോദേസ് രാജാവ് സ്വന്തം കൊട്ടാരത്തിൽ പാർപ്പിച്ചിരുന്നു. ഈ നടപടിയെയും യഹ്‌യാ രൂക്ഷമായി ആക്ഷേപിക്കുകയുണ്ടായി. ഈ ആക്ഷേപം ഹെരോദിയായെയാണ് കൂടുതൽ കോപാകുലയാക്കിയത്. അദ്ദേഹത്തിന്റെ ജീവൻ അപഹരിക്കാനുള്ള തന്ത്രങ്ങളന്വേഷിച്ചുകൊണ്ടിരിക്കുകയായിരുന്നു ആ സ്ത്രീ. അതിനിടയിൽ ഹെരോദേസിന്റെ ജന്മദിനം വന്നു. അതിന്റെ ആഘോഷത്തിൽ യഹ്‌യായെ വകവരുത്താനുള്ള ഒരു സൂത്രം അവൾ കണ്ടെത്തി. ആഘോഷസഭയിൽ അവളുടെ അതിസുന്ദരിയായ മകൾ ഒരു മനോഹരമായ നൃത്തമവതരിപ്പിച്ചു. സന്തുഷ്ടനായ രാജാവ് ഇഷ്ടമുള്ളതെന്തും ചോദിച്ചുകൊള്ളാൻ അവളോട് പറഞ്ഞു. എന്താണ് രാജാവിനോട് ആവശ്യപ്പെടേണ്ടതെന്നന്വേഷിച്ച മകളോട് യഹ്‌യായുടെ അറുത്തെടുത്ത ശിരസ്സ് ആവശ്യപ്പെടാനാണ് ആ മാതാവ് ഉപദേശിച്ചത്. മകൾ അതുതന്നെ ആവശ്യപ്പെട്ടു. യോഹന്നാനോട് തന്റെ വിമർശകൻ എന്ന നിലയിൽ അപ്രീതിയുണ്ടായിരുന്നുവെങ്കിലും സാത്വികനായ സുവിശേഷ പ്രസംഗകൻ എന്ന നിലയിൽ ആദരവുമുണ്ടായിരുന്ന ഹെരോദേസിനെ അത് വലിയ ധർമസങ്കടത്തിലാക്കി. എങ്കിലും ഒടുവിൽ കാമുകിപുത്രിയുടെ ആവശ്യം തള്ളിക്കളയാനാകാതെ അയാൾ കാരാഗൃഹത്തിലുള്ള യോഹന്നാന്റെ ശിരസ്സറുത്ത് തളികയിൽവെച്ച് കൊണ്ടുവന്ന് അവൾക്ക് സമ്മാനിക്കാൻ ഉത്തരവിടുകയായിരുന്നു. മത്തായി, മാർക്കോസ്, ലൂക്കോസ് എന്നിവരുടെ സുവിശേഷങ്ങളിൽ ഈ സംഭവം വിവരിക്കുന്നുണ്ട്. ■